ഉത്തരം

(എ) എല്ലാ താലൂക്കാസ്ഥാനങ്ങളിലും ഫ്ളയിംഗ് സ്കാഡ് ആരംഭിക്കണമെന്ന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ താലൂക്കാസ്ഥാനങ്ങളായ നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ എന്നീ മുനിസിപ്പാലിറ്റികളിൽ ഫ്ളയിംഗ് സ്കാഡ് സംവിധാനം ആരംഭിച്ചിട്ടുണ്ട്.

(സി) വർക്കലയിൽ ഫ്ളയിംഗ് സ്കാഡ് ആരംഭിച്ചിട്ടില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്. എന്നാൽ വർക്കല മുനിസിപ്പാലിറ്റിയിൽ ഫ്ളയിംഗ് സ്കാഡ് ആരംഭിക്കുവാൻ ഡി.ജി.പി. യ്ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

84 (1444) സംഘടനാ സംരക്ഷണ സമിതി

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1992-96 കാലയളവിൽ സംഘടനാ സംരക്ഷണ സമിതി എന്ന പേരിൽ സംസ്ഥാന പോലീസ് സേനയിലെ ഒരു വിഭാഗം രഹസ്യമായി മറ്റൊരു സംഘടന ഉണ്ടാക്കിയിരുന്നുവോ;

(ബി) ഈ സംഘടന സമ്മേളനം നടത്തുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തതായി അറിയാമോ;

(സി) എങ്കിൽ അവർക്കെതിരെ അന്നത്തെ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു;

(ഡി) ഒരു നടപടിയും സ്വീകരിക്കാത്തപക്ഷം ഇപ്പോൾ പോലീസ് അസോസിയേഷന്റെ പ്രവർത്തനങ്ങളുമായി യോജിപ്പില്ലാത്തവർ യോഗം ചേരുന്നതിനും ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുമുള്ള ന്യൂനത എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ),(ബി),(സി)&(ഡി) പോലീസിന് വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ പരിമിതമായ സംഘടനാ സ്വാതന്ത്ര്യം മാത്രമെ അനുവദിച്ചിട്ടുള്ളൂ. പോലീസ് അസോസിയേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങൾ നിലവിലുണ്ട്. ഇതിൽനിന്നും ഭിന്നമായി നടത്തുന്ന സംഘടനാ പ്രവർത്തനങ്ങൾ നിയമ വിരുദ്ധവും ശിക്ഷാർഹവുമാണ്.

85 (1445) കേരളാ പോലീസ് സംഘടനാ സംരക്ഷണ സമിതി

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കേരള പോലീസ് അസോസിയേഷന് സമാന്തരമായി 'കേരളാ പോലീസ് സംഘടനാ സംരക്ഷണ സമിതി' എന്ന പേരിൽ ഒരു സംഘടന പ്രവർത്തിച്ചിരുന്നതായി ഗവൺമെന്റിന് അറിവുണ്ടോ;

(ബി) കേരളാ പോലീസ് അസോസിയേഷന്റെ ഇപ്പോഴത്തെ ഭാരവാഹികൾ ആരെങ്കിലും പ്രസ്തുത സമിതിയുടെ ഭാരവാഹികൾ ആയിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly